**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 900** **07-12-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പ്രസ്തുത നിയോജക മണ്ഡലത്തിലെ ചായ്യോത്ത് കോളനി, രാവണീശ്വരം കോളനി, മൈക്കാനം കോളനി എന്നീ പട്ടികജാതി കോളനികളെയും വടക്കേമൂല പനങ്ങാട് കോളനി, പള്ളം പടക്ക എലിനോട്ടുകയ കോളനി എന്നീ പട്ടിക വർഗ്ഗ കോളനികളെയും സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമം/സെറ്റിൽമെൻറ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് തുക അനുവദിച്ചിട്ടും, ഏറ്റെടുത്ത സ്ഥാപനങ്ങൾ/ഏജൻസികൾ യഥാസമയം പ്രവൃത്തി ആരംഭിക്കാതെയോ പൂർത്തീകരിക്കാതെയോ എസ്റ്റിമേറ്റ് സമർപ്പിക്കാതെയോ ഉള്ള വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | **പട്ടികജാതി വികസന വകുപ്പ് -** അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളനികളിൽ ചായ്യോത്ത് കോളനിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് . രാവണീശ്വരം കോളനിയിൽ പദ്ധതി നടത്തിപ്പിലേക്കായുള്ള സ്ഥല ലഭ്യത സംബന്ധിച്ച തടസ്സങ്ങൾ കൊണ്ടും കോളനി നിവാസികളിൽ നിന്നും പരാതികൾ ഉയർന്നതിനാലും പദ്ധതി ആരംഭിക്കുന്നതിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. നിലവിൽ തടസ്സങ്ങൾ എല്ലാം പരിഹരിച്ചിട്ടുണ്ട്. 2021-22സാമ്പത്തിക വർഷത്തിലേക്ക് തെരെഞ്ഞെടുത്തിരുന്ന മൈക്കാനം കോളനിയിലെ നിർമ്മാണ പ്രവൃത്തികൾക്കായി നിർവഹണ ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>**പട്ടികവർഗ വികസന വകുപ്പ് :** വടക്കേമൂല പനങ്ങാട് കോളനി , പള്ളം പടക്ക എലിനോട്ടുകയ കോളനി എന്നീ പട്ടിക വർഗ്ഗ കോളനികളിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടത്തുന്നതിനായുള്ള പദ്ധതി രൂപീകരണത്തിനുള്ള പ്രത്യേക ഊരുകൂട്ടം 08-04-2022 ന് ചേർന്നിരുന്നു. ഡി.പി.ആർ നാളിതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ